# കോഴിക്കോട്ട് 10000 ലീറ്റർ നീര സംസ്കരിക്കാവുന്ന പ്ലാന്റ് വരുന്നു

കൊച്ചി ● കോഴിക്കോട് നാളികേര ഉൽപാദക കമ്പനി, നാലു കോടി രൂപ മുടക്കി നീര സംസ്കരണ പ്ലാന്റ് നിർമിക്കുന്നതിനുള്ള തയാറെടുപ്പിലാണെന്നു കമ്പനി ചെയർമാൻ പ്രദീപ്കുമാർ അറിയിച്ചു. പ്ലാന്റിനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. കെഎഫ്സിയിൽനിന്നു വായ്പയ്ക്കുള്ള ശ്രമങ്ങൾ തുടരുന്നു. കുന്ദമംഗലത്തിനടുത്ത് 50 സെന്റ് സ്ഥലത്തായിരിക്കും പ്ലാന്റ് സ്ഥാപിക്കുക. പ്രതിദിനം 10,000 ലീറ്റർ നീരയുടെ സംസ്കരണത്തിനു ശേഷിയുള്ളതായിരിക്കും പ്ലാന്റ്.

ആദ്യഘട്ടം മുതൽ 1500 തെങ്ങുകളിൽനിന്നു നീര ഉൽപാദിപ്പിക്കാനാണു തീരുമാനം. നീര ടെക്നീഷ്യൻമാരാകാൻ 50 പേരെ ഫെഡറേഷനുകളിൽനിന്നു തിരഞ്ഞെടുത്തുകഴിഞ്ഞു. ഇവർക്ക് ഉടൻ പരിശീലനം നൽകും. തെങ്ങുകൾ മാർക്ക്ചെയ്തു നൽകുന്നതിന് എക്സൈസ് വകുപ്പിന് അപേക്ഷ നൽകിക്കഴിഞ്ഞു. അവരുടെ അനുമതി ലഭിക്കുന്ന മുറയ്ക്കും ടെക്നീഷ്യൻമാർ പരിശീലനം പൂർത്തിയാക്കുന്നതിനനുസരിച്ചും നീര ഉൽപാദനം ആരംഭിക്കാനാണ് ആലോചിക്കുന്നത്. എല്ലാ സംവിധാനങ്ങളും അനുകൂലമായി പൂർത്തിയായാൽ രണ്ടു മാസത്തിനുള്ളിൽ നീര ഉൽപാദനം ആരംഭിക്കാനാകുമെന്നു ചെയർമാൻ പറഞ്ഞു. നീര, പഞ്ചസാര, ചക്കര എന്നീ മൂന്ന് ഉൽപന്നങ്ങളാണ് ആദ്യ ഘട്ടത്തിൽ ഉൽപാദിപ്പിക്കുക.